ഗവൺമെന്റ് ലോൺ	-	90.65 കോടി രൂപ
കെ.എസ്.ആർ.ടി.സി. ഡിബഞ്ചേഴ്സ്	-	08.35 കോടി രൂപ
ആകെ	-	459.75 കോടി രൂപ

(ഡി, ഇ) കെ.റ്റി.ഡി.എഫ്.സി., ഹഡ്കോ എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ കോർപ്പറേഷന്റെ പ്രതിദിന വരുമാനത്തിൽ നിന്നും ഒരു നിശ്ചിത വിഹിതം ഉപയോഗിച്ച് തിരിച്ച് അടച്ചുവരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് പരമാവധി കുറയ്ക്കുന്നതിനും ശ്രമിച്ചുവരികയാണ്.

ട്രാൻസ്പോർട്ട് ബസ്സുകളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി

149(1429) ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ബസ്സുകളുടെ ശോച്യാവസ്ഥ സമയോചിതമായി പരിഹരിക്കുന്നതിൽ വീഴ്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ;

(സി) ഇപ്പോൾ തുടർന്നുവരുന്ന ഷെഡ്യൂളുകൾ അനുസരിച്ച് ബസ് സർവ്വീവ് മുടങ്ങാതെ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. നപടിയും സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച ബസ് സർവ്വീസുകളും നിർത്തിവച്ച സർവ്വീസുകളും

150(1430) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പുതിയതായി എത്ര ബസ് സർവ്വീസുകൾ ആരംഭിച്ചു എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) 2001-നുശേഷം പുതിയതായി ആരംഭിച്ചതും അന്ന് നിലവിലുണ്ടായിരുന്നതുമായ എത്ര സർവ്വീസുകൾ നിർത്തൽ ചെയ്തു എന്ന് അറിയിക്കുമോ; ഇപ്രകാരം നിർത്തലാക്കിയ സർവ്വീസുകൾ ഏതൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly